**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 170** **22-02-2022 - ൽ മറുപടിയ്ക്ക്**

**ആതുരാലയങ്ങളുടെ പശ്ചാത്തല സൗകര്യനിർമ്മിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2016-21 കാലയളവിലായി സംസ്ഥാന സർക്കാർ ആതുരാലയങ്ങളുടെ പശ്ചാത്തലസൗകര്യ നിർമാണത്തിനായി വിവിധ സാമ്പത്തിക ഏജൻസികൾ വഴി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | നബാർഡ് ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ കോന്നി ,ഇടുക്കി, കാസർഗോഡ് മെഡിക്കൽ കോളേജ് ആശുപത്രികളുടെ നിർമ്മാണത്തിനായി ആകെ 170.64 കോടി രൂപയും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന്റെ കീഴിലുള്ള ആശുപത്രികളുടെ വികസനത്തിനായി 311.59 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പി.ഡബ്ലിയുഡി വകുപ്പിൽ നിന്നും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന്റെ കീഴിലുള്ള ആശുപത്രികളുടെ വികസനത്തിനായി 276.5749 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കിഫ്ബി മുഖാന്തരം ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2016 മുതൽ നാളിതുവരെ ആകെ 4881.16 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. 2016-17 മുതൽ നാഷണൽ ഹെൽത്ത് മിഷൻ മുഖേന കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ ആതുരാലയങ്ങളുടെ പശ്ചാത്തല വികസനത്തിനായി ആകെ 541.07 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഇതു വഴി എത്ര ആശുപത്രി/ഡിസ്പെൻസറി/ മെഡിക്കൽ കോളേജുകൾക്കാണ് കെട്ടിടം പണിതു വരുന്നതെന്ന് അറിയിക്കാമോ? | (ബി) | നബാർഡ് ആർ.എെ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ താഴെപ്പറയുന്ന നിർമ്മാണ പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. 1. കോന്നി സർക്കാർ മെഡിക്കൽ കോളേജ് - കോളേജാശുപത്രിയുടെ നിർമ്മാണം 2. കാസർഗോഡ് മെഡിക്കൽ കോളേജ് ആശുപത്രിയുടെ നിർമ്മാണം 3. ഇടുക്കി മെഡിക്കൽ കോളേജ് ആശുപത്രിയുടെ നിർമ്മാണം. കൂടാതെ കോട്ടയം മെഡിക്കൽ കോളജിൽ 200 കിടക്കകളോടു കൂടിയ കാർഡിയോളജി ബ്ലോക്ക് നിർമ്മിക്കുന്നതിന് സ.ഉ(സാധാ) നം.1699/2020/ആ.കു.വ തീയതി 18/09/2020 പ്രകാരം 36.41 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിക്കായുള്ള |

| | | | | |
|---|---|---|---|---|
| | | | | നബാർഡ് വിഹിതം 30.95 കോടി രൂപയും സംസ്ഥാന വിഹിതം 5.46 കോടി രൂപയുമാണ് പദ്ധതിയുടെ സാങ്കേതികാനുമതി നൽകുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. കിഫ്ബി മുഖാന്തിരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെചേർക്കുന്നു. 1) തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനം 2) കോട്ടയം മെഡിക്കൽ കോളേജിലെ സർജിക്കൽ ബ്ലോക്ക്, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് എന്നിവയുടെ നിർമ്മാണം 3) എറണാകുളം മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനം 4) എറണാകുളം മെഡിക്കൽ കോളേജിലെ മാലിന്യ സംസ്കരണ പ്ലാന്റിന്റെ നവീകരണം 5) തൃശ്ശൂർ മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മാണം 6)തൃശ്ശൂർ മെഡിക്കൽ കോളേജിൽ മദർ & ചൈൽഡ് ബ്ലോക്ക് നിർമ്മാണം 7) കണ്ണൂർ മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനം 8) കോന്നി മെഡിക്കൽ കോളേജിന്റെ വികസനം - രണ്ടാം ഘട്ടം 9) കാസർഗോഡ് മെഡിക്കൽ കോളേജിന്റെ വികസനം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴി ലുള്ള 69 ആശുപത്രികളിൽ കിഫ്ബി മുഖേനയും 111 ആശുപത്രികളിൽ പി.ഡബ്ലി യുഡി മുഖേനയും 20 ആശുപത്രികളിൽ നബാർഡ് മുഖേനയും പ്രവർത്തനങ്ങൾ നടന്നു വരുന്നു. നാഷണൽ ഹെൽത്ത് മിഷനിൽ നിന്നും അംഗീകാരം ലഭിച്ച 99 ആരോഗ്യ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. നാഷണൽ ഹെൽത്ത് മിഷൻ മുഖേന 343 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങളും 76 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ ബ്ലോക്ക് ലെവൽ ഫാമിലി ഹെൽത്ത് സെന്റർ ആക്കുന്ന പ്രവർത്തനങ്ങളും 29 താലൂക്കാശുപത്രികളുടെ ഒ.പി പരിവർത്തന പ്രവർത്തികളും 2 ജില്ലാ ആശുപത്രികളുടെ ഒ.പി പരിവർത്തന പ്രവർത്തികളും 1439 സബ് സെന്ററുകളെ ഹെൽത്ത് ആന്റ് വെൽനസ് സെന്ററായി ഉയർത്തുന്ന പ്രവർത്തനങ്ങളും വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ